ഓരോ തവണയും മേളയുടെ നടത്തിപ്പിനായി ചെലവായ തുകയുടെ കണക്കുകൾ താഴെ ചേർക്കുന്നു :

1. കയർ കേരള 2012, ആലപ്പുഴ - 3,59,96,185 രൂപ
2. കയർ കേരള 2013, ആലപ്പുഴ - 4,76,36,949 രൂപ
3. കയർ കേരള 2014, ആലപ്പുഴ - 4,16,46,952 രൂപ
4. കയർ കേരള 2015, ആലപ്പുഴ - 4,09,35,080 രൂപ
5. കേരള കയർ ഫെയർ 2014 –1,07,44,525 രൂപ (കോഴിക്കോട്, കോന്നി)
6. കേരള കയർ ഫെയർ 2015 – ഓഡിറ്റ്പൂർത്തിയായിട്ടില്ല (കോന്നി).

(ബി) പ്രസ്തുത മേളകൾവഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC) 782.64 ലക്ഷം രൂപയുടെയും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (FOMIL) 1480.76 ലക്ഷം രൂപയുടെയും കയർഫെഡ് 191.24 ലക്ഷം രൂപയുടെയും കയറുല്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള വിപണനത്തിന്റെ വിവരങ്ങൾ ലഭ്യമല്ല.

കയർ മേഖലയിലെ പ്രതിസന്ധി

186 (1219) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിയുടെ ദൗർലഭ്യം കയർ വ്യവസായത്തെയും തൊഴിലാളികളെയും പ്രതിസന്ധിയിലാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) കയർ മേഖലയിലുള്ള ആകെ തൊഴിലാളികളുടെ എണ്ണം എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഇതിൽ എത്ര ശതമാനം പേർക്ക് നിലവിൽ തൊഴിൽ ലഭിക്കുന്നുണ്ട് ; തൊഴിൽ ദിനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ തൊണ്ട് സംഭരിക്കുന്നതിന് എന്ത് സംവിധാനമാണ് ഉള്ളതെന്നും എത്ര ശതമാനം തൊണ്ടാണ് ശേഖരിക്കുന്നതെന്നും അറിയിക്കാമോ ;

(ഡി) തൊണ്ട് സംഭരണം ഊർജ്ജിതമാക്കി ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കയർ മേഖലയിലുള്ള തൊഴിൽ സ്തംഭനം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വിലവർദ്ധനവും കയർ വ്യവസായ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് -'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' - സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും ഉണക്കത്തൊണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നതാണ്. കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ട് സംഭരിക്കുന്നതിനും മറ്റ് ഏജൻസികൾ മുഖാന്തിരം സംഭരിക്കുന്നതിനും ഉൾപ്പെടെ) 5000 തൊണ്ടിന് 250 രൂപയും കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും 50 രൂപ എന്ന കണക്കിലും വാഹന വാടക നൽകും. മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ച നൽകുമ്പോൾ പ്രതിദിന വേതനമായി തൊണ്ട് ഒന്നിന് 40 പൈസ വച്ച് 400 പച്ചത്തൊണ്ടിന് 160 രൂപ സർക്കാർ വിഹിതവേതനമായി നൽകുന്നു. കൂടാതെ സംഭരിക്കുന്ന തൊണ്ട് ചകിരിയാക്കുന്ന സ്ഥാപനത്തിന് (കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് ചകിരി വില്ക്കുന്നവർക്ക്) പച്ചത്തൊണ്ട് ഒന്നിന് 25 പൈസ (Rs. 3 per Kg.) സബ്സിഡിയും കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിന് 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടും സർക്കാർ നൽകുന്നു. ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ചകിരി ഉല്പാദിപ്പിക്കുന്ന തൊഴിലാളികൾക്ക് ചകിരി ഉല്പാദിപ്പിക്കുമ്പോൾ പച്ചത്തൊണ്ട് ഒന്നിന് 20 പൈസ വരെ ആനുകൂല്യംകൂടി ലഭിക്കുന്നു. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉല്പാദിപ്പിച്ച് കയർമേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ മേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ ഏകദേശം 90000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽപേർ സ്വകാര്യമേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. നിലവിൽ ശരാശരി 155 ദിവസം തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്.

(സി) തൊണ്ട് സംഭരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. തൊണ്ട് സംഭരണത്തിനായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിരുന്നു. പ്രവർത്തന മൂലധനമായി ഓരോ കൺസോർഷ്യത്തിനും 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിരുന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ തൊണ്ട് സംഭരിക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമല്ലെന്ന് കണ്ടതിനാൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് 5-2-2015-ലെ 116/2015/വ്യവ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എത്ര ശതമാനം തൊണ്ട് ശേഖരിക്കുന്നതിനല്ല, മറിച്ച് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ പരമാവധി തൊണ്ട് ശേഖരിച്ച് ചകിരിയാക്കുക എന്നതാണ് പുതിയ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക എന്നതുകൂടി ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly